# പ്രവർത്തന റിപ്പോർട്ട് (30.11.2016 to 26.02.2017)

**രക്തദാന ക്യാമ്പ്**

27.9.2016 രാവിലെ 10.30 ന് എം.എസ്.റാവുത്തർ അനുസ്മരണത്തോടനുബന്ധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജുമായി സഹകരിച്ച് രക്തദാന ക്യാമ്പ് നടത്തി. അന്നേ ദിവസം വൈകിട്ട് 5.30 ന് നടന്ന എം.എസ്.റാവുത്തർ അനുസ്മരണ സമ്മേളനം മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എം.എസ്.റാവുത്തർ മെമ്മോറിയൽ ട്രസ്റ്റിന്റെ ഉദ്ഘാടനം മുൻ വൈദ്യുതി മന്ത്രി ശ്രീ.ആര്യാടൻ മുഹമ്മദും മുഖ്യ പ്രഭാഷണം ശ്രീ.കെ.മുരളീധരൻ എം.എൽ.എ യും നിർവ്വഹിച്ചു. സംഘടനയുടെ Mobile App ന്റെ ഉദ്ഘാടനം ശ്രീ. ശശിതരൂർ എം.പി നിർവ്വഹിച്ചു.

**പ്രതിഷേധം**

ജനറൽ ട്രാൻസ്ഫർ 2016 ൽ തിരുവനന്തപുരം ജില്ലയിലുള്ള വർക്കേഴ്സിനെ ട്രാൻസ്ഫർ ചെയ്തതിനെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ തിരുവനന്തപുരം ജില്ലയിലുള്ള ഭാരവാഹികൾ ഉൾപ്പടെയുള്ള 11 പേരെ സസ്പെന്റ് ചെയ്തിരുന്നു. എന്നാൽ മുൻ മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി ഇടപെട്ടതിനെ തുടർന്ന് സസ്പെൻഷൻ റദ്ദ് ചെയ്തു. പിന്നീട് തിരുവനന്തപുരം ജില്ലാ സെക്രട്ടറി ശ്രീ. പ്രതീപ് കുമാറിനേയും ജില്ലാ വർക്കിംഗ് പ്രസിഡന്റ് ശ്രീ. അജിത് കുമാറിനെയും സസ്പെന്റ് ചെയ്തു. ഇതേതുടർന്ന് വൈദ്യുതി ഭവന് മുന്നിൽ പ്രതിഷേധ ധർണ്ണയും പ്രകടനവും നടത്തി. ധർണ്ണ പ്രസിഡന്റ് കെ.പി.ധനപാലൻ ഉദ്ഘാടനം ചെയ്തു. എം.വിൻസെന്റ് എം.എൽ.എ, യൂത്ത് കോൺഗ്രസ്സ് സംസ്ഥാന പ്രസിഡന്റ് ഡീൻ കുര്യാക്കോസ്, ഐ.എൻ.റ്റി.യു.സി നേതാക്കളായ അഡ്വ.ജി.സുബോധൻ, ചാല നാസർ തുടങ്ങിയവർ സംസാരിച്ചു. സസ്പെൻഷൻ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് രാഷ്ട്രീയ തലത്തിലും ബോർഡ് തലത്തിലും ബന്ധപ്പെട്ടു. എന്നാൽ റീ ഇൻസ്റ്റേറ്റ് ചെയ്തപ്പോൾ പീരുമേട്, മഞ്ചേരി എന്നിവിടങ്ങളിൽ റീഇൻസ്റ്റേറ്റ് ചെയ്തു. യഥാസ്ഥലങ്ങളിൽ സ്ഥലംമാറ്റം വേണമെന്ന് സംഘടന ആവശ്യപ്പെട്ടുവെങ്കിലും ഒഴിവുള്ള സ്ഥലങ്ങളിൽ നൽകണമെന്ന് ചെയർമാൻ ഉത്തരവിട്ടു. ചെയർമാന്റെ ഉത്തരവ് പ്രകാരം ശ്രീ.പ്രതീപ് കുമാറിനും അജിത്ത് കുമാറിനും നെടുമങ്ങാട് ഡിവിഷനിലേക്ക് ട്രാൻസ്ഫർ ലഭിച്ചു.

**റെഗുലേറ്ററി കമ്മീഷൻ തീരുമാനം**

KSEB Ltd ലെ ജീവനക്കാരുടെ യോഗ്യത സംബന്ധിച്ച് റെഗുലേറ്ററി കമ്മീഷൻ നടത്തിയ ഹിയറിംഗിന്റെ വിശദാംശങ്ങൾ മുമ്പ് നടന്ന വർക്കിംഗ് കമ്മിറ്റി ചർച്ച ചെയ്തു. കമ്മീഷന്റെ അന്തിമ ഉത്തരവ് നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കുന്നതല്ലായെങ്കിൽ ഹൈക്കോടതിയെ സമീപിക്കണമെന്നും തീരുമാനിച്ചു.

റെഗുലേറ്ററി കമ്മീഷൻ നടത്തിയ ഹിയറിംഗിൽ കോൺഫെഡറേഷനെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി പങ്കെടുത്തിരുന്നു. റീവെസ്റ്റിംഗിന്റെ ഭാഗമായി ഒപ്പുവച്ച ത്രികക്ഷി കരാറിൽ "നിലവിലുള്ള ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും പ്രമോഷനുകളും സംരക്ഷിക്കുമെന്നും" ഒന്നിനും യാതൊരു കുറവുമുണ്ടാകുകയില്ലെന്നും ഉറപ്പ് നൽകിയിട്ടുയെന്നുള്ള വിവരം ഹിയറിംഗിൽ നമ്മുടെ നിലപാടായി കമ്മീഷനെ അറിയിച്ചു. നിലവിലുള്ള ജീവനക്കാർ പരിശീലനം നേടിയവരാണെന്നും നിയമപരമായി വൈദ്യുതി നിയമം 2003 അനുസരിച്ച് നിലവിലുള്ള ആനുകൂല്യങ്ങളൊക്കെ അതേപടി തുടരുമെന്ന് ഉറപ്പ് നൽകി കരാർ ഒപ്പ് വച്ചിട്ടുള്ളതിനാൽ CEA റെഗുലേഷൻ നിലവിലുള്ള ജീവനക്കാരുടെ മേൽ അടിച്ചേൽപ്പിക്കരുതെന്നും കമ്മീഷനുമുമ്പാകെ ബോധിപ്പിച്ചു.

കമ്മീഷൻ ആദ്യം KSEB Ltd ന് നൽകിയ ഷോക്കോസിൽ വസ്തുതകൾക്ക്. വിരുദ്ധമായിട്ടാണ് പ്രതിപാദിച്ചിരുന്നത്. സംഘടന വീണ്ടും കത്ത് നൽകി. അന്തിമ ഉത്തരവിൽ നമ്മുടെ അഭിപ്രായങ്ങളും മാനിച്ച് നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കണമെന്നുള്ള ഉത്തരവാണ് 29.12.2016 ൽ പുറത്തിറങ്ങിയത്.

**സബ് എഞ്ചിനീയർ ട്രെയിനി**

കാലാവധി നീട്ടണമെന്നാവശ്യപ്പെട്ട് കത്ത് നൽകി.

**ക്വാർട്ടേഴ്സ്**

ക്വാർട്ടേഴ്സിൽ താമസിക്കുന്നവരിൽനിന്നും കൂടുതൽ നികുതി ഈടക്കുന്നതിനെതിരെ ചെയർമാന് കത്ത് നൽകി. ചെയർമാനുമായി നടന്ന ചർച്ചയിൽ കാര്യങ്ങൾ ബോധ്യപ്പെടുത്തി.

**ജനറൽ ട്രാൻസ്ഫർ**

ഡ്രാഫ്റ്റ് ഗൈഡ്‌ലൈൻ നമ്മുടെ സൈറ്റിലും Mobile App ലും പബ്ലിഷ് ചെയ്തിരുന്നു, എല്ലാവരുടേയും നിർദേശങ്ങൾ ആവശ്യപ്പെട്ടിരുന്നു.

**സംഘടനയുടെ പേര് - ഹൈക്കോടതി കേസ്**

റഫറണ്ടത്തോടനുബന്ധിച്ച് എതിർവിഭാഗം ഹൈക്കോടതിയിൽ നൽകിയ പെറ്റീഷൻ കോടതി ഡിസ്മിസ് ചെയ്തു. അവർക്ക് പ്രൊവിഷണലായി KEEC യുടെ പേര് മത്സരിക്കാൻ വേണമെന്നുള്ള വാദമാണ് ബഹു.ഹൈക്കോടതി തള്ളിയത്.

**ട്രേഡ് യൂണിയൻ വെരിഫിക്കേഷൻ**

കേന്ദ്ര തൊഴിൽ മന്ത്രാലയം നടത്തുന്ന ട്രേഡ് യൂണിയൻ വെരിഫിക്കേഷനിൽ എല്ലാ രേഖകളും ഹാജരാക്കി രേഖകൾ സമർപ്പിച്ചതിന്റെ സർട്ടിഫിക്കറ്റ് ലഭിച്ചു. ഹരിദ്വാറിൽ വച്ച് നടന്ന വർക്കിംഗ് കമ്മിറ്റിയിൽ മേൽ രേഖകൾ INTUC അഖിലേന്ത്യ പ്രസിഡന്റിനെ ഏൽപ്പിച്ചു. ഇനിയും വെരിഫിക്കേഷന്റെ മൂന്നാമത്തെ സ്റ്റേജായ സ്പോട്ട് വെരിഫിക്കേഷൻ നടത്തേണ്ടതുണ്ട്.

**INEWF വർക്കിംഗ് കമ്മിറ്റി**

ഹരിദ്വാറിൽ നടന്ന INEWF വർക്കിംഗ് കമ്മിറ്റിയിൽ ജനറൽ സെക്രട്ടറി പങ്കെടുത്തു. ട്രേഡ് യൂണിയൻ വെരിഫിക്കേഷനിൽ എല്ലാ രേഖകളും സമർപ്പിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയതിന് നമ്മുടെ സംഘടനയെ ദേശീയ പ്രസിഡന്റ് ഡോ.ജി.സഞ്ജീവ റെഡ്ഢി അഭിനന്ദിച്ചു.

ന്യൂ ഡൽഹിയിൽ കഴിഞ്ഞ മാസം നടന്ന INTUC വർക്കിംഗ് കമ്മിറ്റിയിലും ജനറൽ സെക്രട്ടറി പങ്കെടുത്തു.

**Mediclaim policy**

എം.എസ്.റാവുത്തർ മെമ്മോറിയൽ ട്രസ്റ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി "Star Health Insurance - Mediclaim policy" KSEB ജീവനക്കാർക്ക് 40% ഡിസകൗണ്ടിൽ ലഭിക്കും. എല്ലാ ജില്ലാ/ഡിവിഷൻ കമ്മിറ്റികളും താൽപ്പര്യമുള്ളവരുടെ ലിസ്റ്റ് (ഡിവിഷൻ തലത്തിൽ) സംസ്ഥാന സെക്രട്ടറി ശ്രീ.സതീഷ് കുമാറിനെ ഏൽപ്പിക്കണം. ബന്ധപ്പെടുവാനുള്ള നമ്പർ : 9249599352.

**ഡിവിഷനുകൾക്കുള്ള ഫണ്ട്**

കേന്ദ്രക്കമ്മിറ്റി ആഫീസിൽ അക്കൗണ്ട് നമ്പർ നൽകിയിട്ടുള്ള എല്ലാ ഡിവിഷൻ കമ്മിറ്റികൾക്കും വിഹിതം ചെക്കായി നൽകി

തിരുവനന്തപുരം ജില്ല (100000), കുറണ്ട (60000), മാവേലിക്കര (47500), ചേർത്തല (71950), വൈക്കം (113900), എറണാകുളം (48600), തൃപ്പൂണ്ണിതുറ (23700), പെരുമ്പാവൂർ (30000), മൂവാറ്റുപുഴ (16950), തൃശ്ശൂർ ഈസ്റ്റ് (31950), പാലക്കാട് (45000), ചിറ്റൂർ (65000), ആലത്തൂർ (55500), തലശ്ശേരി (13100), കാഞ്ഞങ്ങാട് (100000).

**നോട്ടീസ്**

ബോർഡിലെ നിലവിലെ പ്രശ്നങ്ങളെല്ലാം ഉൾക്കൊള്ളിച്ച് നോട്ടീസ് പുറത്തിറക്കി.

**എം.എസ്.റാവുത്തർ സ്മാരക മന്ദിരം**

ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ച 6 അംഗങ്ങൾക്ക് സാമ്പത്തിക സഹായവും കട്ടപ്പന ഭാരവാഹി ജൂഡിക്ക് കിഡ്നി മാറ്റിവയ്ക്കുന്നതിലേക്കായി 5 ലക്ഷം രൂപയും ട്രസ്റ്റിന്റെ ഫണ്ടി ൽനിന്നും നൽകി. ട്രസ്റ്റിന് ഇൻകം ടാക്സ് പാൻ എടുത്തു. ഇൻകം ടാക്സ് Exemption ലഭിക്കുന്നതിനായി റിക്കാർഡുകളെല്ലാം ശേഖരിച്ചു. ഇനിയും എല്ലാ രേഖകളും ചാർട്ടേഡ് അക്കൗണ്ടന്റിനെ ഏൽപ്പിക്കണം. സംഘടന വർക്കിംഗ് കമ്മിറ്റിയുടേയും സ്റ്റേറ്റ് കൗൺസിലിന്റേയും ട്രസ്റ്റിന്റെ ട്രസ്റ്റിമാരുടെ യോഗത്തിന്റെയും തീരുമാനപ്രകാരം യൂണിയനാഫീസിനടുത്തുള്ള 5 സെന്റ് സ്ഥലം വാങ്ങി. രജിസ്ട്രേഷൻ 22.2.2017 ൽ നടന്നു. ആധാരപ്രകാരവും അളവ് പ്രകാരവും 5.170 സെന്റുണ്ടെങ്കിലും ട്രസ്റ്റിന് വേണ്ടിയായതുകൊണ്ട് 5 സെന്റിന്റെ വില നൽകിയാൽ മതിയെന്ന് ഉടമസ്ഥൻ സമ്മതിച്ചു. സെന്റിന് 21 ലക്ഷം ആവശ്യപ്പെട്ട വസ്തു 18.60 ലക്ഷംവച്ച് വാങ്ങി. 18.60 x 5=9300000, Registration Fee 930000/- ആകെ ചിലവ് 10230000/- , IT 93000/- വസ്തു ഉടമയിൽ ഈടാക്കി എഴുത്ത് ഫീസ് നൽകാനുമുണ്ട്.

**അജണ്ട**

1. എം.എസ്.റാവുത്തർ സ്മാരകമന്ദിരം നിർമ്മാണം
2. സംസ്ഥാന സമ്മേളനം തീയതി നിശ്ചയിക്കൽ
3. ഇംപ്ലിമെന്റേഷൻ കമ്മിറ്റി PDA നടപ്പാക്കുതുമായി ബന്ധപ്പെട്ട് നമ്മുടെ തീരുമാനങ്ങൾ
4. ഭാവി പ്രവർത്തനങ്ങൾ - ജീവനക്കാരെ ബാധിക്കുന്ന വിഷയങ്ങളിൽ സർക്കിൾ തലത്തിൽ പ്രതിഷേധം നടത്തുന്നത് സംബന്ധിച്ച്.
5. മാതൃ സംഘടനയുമായി ലയിക്കാൻ തയ്യാറായി വന്ന വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി

27.02.2017